# പതിമൂന്നാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1717    06.07.2015 ലെ മറുപടിയ്ക്ക്

### ഭരണ രംഗത്തെ പിഴവുകൾ

ചോദ്യം

ശ്രീ.ജി.സുധാകരൻ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.ബി.ഡി .ദേവസ്സി
ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ.ഉമ്മൻ ചാണ്ടി
ബഹു.മുഖ്യമന്ത്രി

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | ഭരണരംഗത്തെ പിഴവുകൾ തിരുത്താൻ പ്രത്യേക പരിപാടി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പിഴവുകൾ കണ്ടെത്തിയത് ഏത് നിലയിലാണെന്ന് വെളിപ്പെടുത്താമോ; | എ യും ബി യും സി യും ഡിയും: ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയുംസുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനീകവൽക്കരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇ ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നുണ്ട്. വിവരാവകാശനിയമം നടപ്പിലാക്കിയത് ഭരണസംവിധാനം വിശ്വസ്തവും സുതാര്യവുമാക്കാൻ സഹായകമാകുന്നുണ്ട്. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയും വേഗം തീരുമാനം എടുക്കുന്നതിന്റേയും നടപടിക്രമങ്ങൾ സുതാര്യവുമാക്കുന്നതിന്റേയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office, |
| ബി | ഇതിന്റെ ഭാഗമായി ഇതിനോടകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | |
| സി | ജനങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ നൽകിയതും നടപ്പിലാക്കിയിട്ടില്ലാത്തതുമായ ഉറപ്പുകൾ പാലിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | |
| ഡി | അഴിമതിക്കെതിരായ നടപടികൾ ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | |

(തുടർച്ച....2)

e-tender തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കി വരുന്നു. സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 120 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമ പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും കാലതാമസംകൂടാതെ തീരുമാനമെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങിനെ ഭരണത്തിലെ കാലതാമസം ഒഴിവാക്കിയും സുതാര്യതയും ഏകോപനവും വർദ്ധിപ്പിച്ചും നിരവധി നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ